**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 750**

**28-02-2018 ലെ മറുപടി**

## കോഴിക്കോട് ജില്ലയിലെ ജലസംരക്ഷണ പ്രവർത്തനങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.ജോർജ് എം.തോമസ്** | | **മാത്യു.ടി.തോമസ്**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) | വരൾച്ചയെ നേരിടുന്നതിനായി കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കിയ ജലസംരക്ഷണ പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | **ജലസേചന വകുപ്പ്**<br><br>വരൾച്ചയെ നേരിടുന്നതിനായി കോഴിക്കോട് ജില്ലയിലെ എല്ലാ ഉപ്പുവെള്ള പ്രതിരോധ ബണ്ടുകൾ അടയ്ക്കുകയും കൂടാതെ തോടുകളിൽ നിർമ്മിച്ചിരിക്കുന്ന വി.സി.ബി.കളിൽ ഷട്ടർ ഇട്ട് വെള്ളം സംഭരിക്കുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള എല്ലാ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളിലും അറ്റകുറ്റപണികൾ നടത്തി പമ്പിംഗ് തുടങ്ങി പാടങ്ങളിലേയ്ക്ക് വെള്ളം എത്തിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ വിവിധ പുഴകളിൽ ഇതുവരെ പൂർത്തീകരിച്ച എല്ലാ തടയണകളിലും വെള്ളം സംഭരിച്ചിട്ടുണ്ട്. ഇതുമൂലം സമീപപ്രദേശങ്ങളിലെ കിണറുകളിലും കുളങ്ങളിലും ജലനിരപ്പ് ഉയർന്നിട്ടുണ്ട്. ഹരിതകേരളം പദ്ധതിയുടെ ഭാഗമായി ജലസംരക്ഷണ പ്രവർത്തനവുമായി ബന്ധപ്പെട്ട് കുറ്റ്യാടി ജലസേചന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ കൺവീനർമാരായി യഥാക്രമം ബ്ലോക്ക്തല കമ്മിറ്റി, ഗ്രാമപഞ്ചായത്ത് തല കമ്മിറ്റി എന്നിവ വിളിച്ചുകൂട്ടി നിശ്ചയിക്കപ്പെട്ട പരിപാടികൾ സംഘടിപ്പിക്കുകയും സമഗ്ര നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി കുളം സംരക്ഷണത്തിന് 15 കുളങ്ങൾക്ക് 24.56 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു.<br><br>**ഭൂജലവകുപ്പ്**<br><br>ഭൂജലവകുപ്പ് ഭൂജല സംരക്ഷണവും, കൃത്രിമ ഭൂജല സംപോഷണവും പദ്ധതിയിൻ കീഴിൽ കോഴിക്കോട് ജില്ലയിലെ 5 സ്ഥലങ്ങളിൽ തുറന്ന കിണർ റീചാർജ്ജ് |

| | | | |
|---|---|---|---|
| | | | പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിൽ ഒരെണ്ണം (ഗവ:ഹൈസ്കൂൾ, പുതുപ്പാടി) പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി നാല്യ സ്ഥലങ്ങളിൽ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. കൂടാതെ ഭൂജലവിതാനം ക്രമാതീതമായി താഴ്ന്നതായി കണ്ടെത്തിയ ബാലുശ്ശേരി, കുന്നമംഗലം, കോഴിക്കോട് എന്നീ ബ്ലോക്കുകളിൽ ഭൂജല ഉപഭോഗത്തെയും സംരക്ഷണത്തെയും കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ്സുകളും സംഘടിപ്പിച്ചു വരുന്നു.<br><br>**<u>ജലനിധി</u>**<br><br>വരൾച്ചയെ നേരിടുന്നതിനായി ജലനിധി പദ്ധതിയിൽ ജലസംരക്ഷണത്തിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിൽ 12 ജലനിധി പഞ്ചായത്തുകളിൽ നടപ്പിലാക്കിവരുന്ന ഭൂഗർഭജല സംരക്ഷണ പ്രവർത്തനങ്ങൾ **അനുബന്ധമായി** ചേർത്തിരിക്കുന്നു.<br>**<u>കേരള ജല അതോറിറ്റി</u>**<br><br>കേരള ജല അതോറിറ്റി ജലസംരക്ഷണത്തിനായി കോഴിക്കോട് ഡിവിഷന് കീഴിൽ താഴെ പറയുന്ന താൽക്കാലിക തടയണകൾ നിർമ്മിച്ചിട്ടുണ്ട്.<br>ഇരുവാത്തിപ്പുഴ - 4<br>ചെറുപുഴ - 2<br>പൂനൂർപുഴ - 2<br><br>കൂടാതെ വടകര ഡിവിഷനു കീഴിലുള്ള അടുപ്പിൻകെട്ടിൽ ഭൂമിവാതുക്കൽ, ചാക്യാട് കുടിവെള്ള പദ്ധതികൾക്ക് വേണ്ടി 3 താൽക്കാലിക തടയണകളുടെ പണികളും പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | ഭൂജലവകുപ്പ് വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി കോഴിക്കോട് ജില്ലയിലെ പ്രവർത്തനരഹിതമായ 239 ഹാൻഡ്പമ്പുകൾ പരിശോധിക്കുകയും, അറ്റകുറ്റ പണികൾ ചെയ്യുവാനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br>ജലക്ഷാമം പരിഹരിക്കുന്നതിനായി ജലനിധിയുടെ കുടിവെള്ളപദ്ധതി സ്രോതസ്സുകൾക്ക് അനുയോജ്യമായ ഭൂഗർഭജല പരിപോഷണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതുമുഖേന ജലക്ഷാമത്തിന് പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ട്. യീൽഡ് ടെസ്റ്റ് മുഖേന സ്രോതസ്സിന്റെ (കിണറുകൾ, കുഴൽക്കിണറുകൾ എന്നിവയുടെ) സുസ്ഥിരത ഉറപ്പുവരുത്താനും പമ്പിംഗ് റഗുലേഷൻ മുഖേന ആവശ്യമായ അളവിൽ |

| | | | |
|---|---|---|---|
| | | | ജലവിതരണം (40 lpcd - 70 lpcd) പരിമിതപ്പെടുത്താനും നിർദ്ദേശങ്ങൾ നല്കിവരുന്നു.<br><br>കേരള ജല അതോറിറ്റി കുടിവെള്ള പദ്ധതികളുടെ ജലസ്രോതസ്സ് അഭിവൃദ്ധിപ്പെടുത്താൻ താൽക്കാലിക തടയണകൾ നിർമ്മിക്കുന്നതുൾപ്പെടെയുള്ള പ്രവൃത്തികൾ, പമ്പ്സെറ്റുകൾ, ഇലക്ട്രിക്കൽ ഉപകരണങ്ങൾ തുടങ്ങിയവയുടെ റിപ്പയർ, പുതിയവ സ്ഥാപിക്കൽ, അത്യാവശ്യ പ്രദേശങ്ങളിലേക്ക് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ, നിലവിലെ കുടിവെള്ള ടാങ്കുകളിൽ നിന്നും കുടിവെള്ളം ടാങ്കർ ലോറികളിൽ നിറക്കുന്നതിനുള്ള ഫില്ലിംഗ് സ്റ്റേഷൻ ഒരുക്കൽ, വാൽവ് ഓപ്പറേഷൻ ക്രമീകരണം, അഡീഷണൽ പമ്പിംഗ് തുടങ്ങിയവ നടപ്പിലാക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. നിർമ്മാണം നടന്നു കൊണ്ടിരിക്കുന്ന പദ്ധതികളുടെ ത്വരിത ഗതിയിലുള്ള പൂർത്തീകരണത്തിനായുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

# ജലനിധി

**പൂർത്തീകരിച്ചത്**

| പഞ്ചായത്ത് | നടപ്പിലാക്കിയ പ്രവർത്തനങ്ങൾ | എണ്ണം | ചിലവായ തുക |
|---|---|---|---|
| ചെറുവണ്ണൂർ | 1. കിണർ റീചാർജ്ജ് | 305 | 22.37ലക്ഷം |
| കീഴരിയൂർ | 1. തടയണകൾ | 1 | 6.63 ലക്ഷം |
| | 2. കുളങ്ങളുടെ സംരക്ഷണം | 3 | 3.03 ലക്ഷം |
| മണിയൂർ | 1. തടയണകൾ | 2 | 14.57 ലക്ഷം |
| | 2. VCB (vented cross bar) | 4 | 41 ലക്ഷം |
| എടച്ചേരി | 1. VCB (vented cross bar) | 3 | 39.46 ലക്ഷം |
| കട്ടിപ്പാറ | 1.മണ്ണിന്റെ അടിയിൽ തടയണകൾ | 2 | 2.77 ലക്ഷം |
| | 2. കുളങ്ങളുടെ സംരക്ഷണം | 1 | 2.23 ലക്ഷം |
| Total | | | 132.16 ലക്ഷം |
| കരട് തയ്യാറാക്കിയ പദ്ധതികൾ | | | |
| ചോറോട് | 1. തടയണകൾ | 1 | 18.95 ലക്ഷം |
| | 2.മണ്ണിന്റെ അടിയിൽ തടയണകൾ | 2 | 0.12 ലക്ഷം |
| | 3. കുളങ്ങളുടെ സംരക്ഷണം | 2 | 4.60 ലക്ഷം |
| കോട്ടൂർ | 1.തടയണകൾ | 3 | 1.20 ലക്ഷം |
| | 2.മണ്ണിന്റെ അടിയിൽ തടയണകൾ | 4 | 1.71 ലക്ഷം |
| | 3. VCB (vented cross bar) | 1 | 1.65 ലക്ഷം |
| ചക്കിട്ടപ്പാറ | 1.മണ്ണിന്റെ അടിയിൽ തടയണകൾ | 2 | 1.00 ലക്ഷം |
| | 2. കുളങ്ങളുടെ സംരക്ഷണം | 1 | 2.93 ലക്ഷം |
| ആയഞ്ചേരി | 1. തടയണകൾ | 2 | 5.25 ലക്ഷം |
| | 2. മണ്ണിന്റെ അടിയിൽ തടയണകൾ | 3 | 0.92 ലക്ഷം |
| | 3. VCB (vented cross bar) | 1 | 16.07 ലക്ഷം |
| നടുവണ്ണൂർ | 1. തടയണകൾ | 2 | 5.15 ലക്ഷം |
| | 2.മണ്ണിന്റെ അടിയിൽ തടയണകൾ | 3 | 0.38 ലക്ഷം |
| | 3. VCB (vented cross bar) | 6 | 113 ലക്ഷം |
| പുറമേരി | 1. തടയണകൾ | 1 | 5.0 ലക്ഷം |
| | 2.മണ്ണിന്റെ അടിയിൽ തടയണകൾ | 8 | 7.52 ലക്ഷം |
| | 3. VCB (vented cross bar) | 1 | 19.00 ലക്ഷം |
| | 4. കുളങ്ങളുടെ സംരക്ഷണം | 1 | 0.45 ലക്ഷം |
| | | | |
| വില്ല്യാപ്പള്ളി | 1. VCB (vented cross bar) | 1 | 1.25 ലക്ഷം |
| | 2. കുളങ്ങളുടെ സംരക്ഷണം | 1 | 3.25 ലക്ഷം |
| **Total** | | | 209.4 ലക്ഷം |

സെക്ഷൻ ഓഫീസർ